
# ഡിപ്പാർട്ട്മെൻറൽ പരീക്ഷയ്ക്ക് അപേക്ഷിക്കുന്നതിനായി ഓൺലൈൻ രജിസ്ട്രേഷൻ നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ


ഡിപ്പാർട്ട്മെൻറൽ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്നതിനായി കേരള പബ്ലിക് സർവീസ് കമ്മീഷൻെറ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in -ലെ Departmental Test Registration ലിങ്ക് ക്ലിക്ക് ചെയ്യണം. അപ്പോൾ രജിസ്ട്രേഷൻപേജ് സ്ക്രീനിൽ തെളിയും. പ്രസ്തുത പേജിൽ ഡിപ്പാർട്ട്മെൻറൽ ടെസ്റ്റ് വിഭാഗത്തിലെ പുതിയ വിശേഷങ്ങളും വാർത്തകളും കൂടാതെ രജിസ്റ്റർ ചെയ്തിട്ടുള്ള പരീക്ഷാർത്ഥികൾക്ക് login ചെയ്യുന്നതിനുള്ള സൗകര്യവും ഉണ്ട്.




ആദ്യമായി രജിസ്റ്റർ ചെയ്യുന്നവർ പ്രസ്തുത പേജിലെ Sign Up ബട്ടൺ ക്ലിക്ക് ചെയ്യണം. അപ്പോൾ രജിസ്റ്റർ ചെയ്യുന്നതിനായുള്ള ഓൺലൈൻ ഫോം സ്ക്രീനിൽ ലഭ്യമാകും. ആദ്യമായി പരീക്ഷാർത്ഥിയുടെ അടുത്തകാലത്തെടുത്ത പാസ്പോർട്ട് സൈസ് വലിപ്പത്തിലുള്ള (150px X 200px) സ്കാൻ ചെയ്ത ഫോട്ടോ അപ്‌ലോഡ് ചെയ്യണം. സ്കാൻ ചെയ്ത ഫോട്ടോയുടെ വലിപ്പം ഒരു കാരണവശാലും 30KB-യിൽ കൂടാൻ പാടില്ല. അതിന് ശേഷം പരീക്ഷാർത്ഥിയുടെ (വ്യക്തിഗത വിവരങ്ങൾ) പേര്, സെക്സ്, ജനനതീയതി, രക്ഷകർത്താവിൻെറ പേര്, ബന്ധം, സ്ഥിരമേൽ വിലാസം, കമ്മ്യൂണിക്കേഷൻ അഡ്രസ്, ഇ-മെയിൽ അഡ്രസ്, മൊബൈൽ നമ്പർ എന്നിവ ടൈപ്പ് ചെയ്യണം. അതിൽ ഇ-മെയിൽ അഡ്രസ് ഒഴികെ മറ്റെല്ലാ വിവരങ്ങളും നിർബന്ധമായും നൽകേണ്ടതാണ്.




ഉദ്യോഗസംബന്ധമായ വിവരങ്ങളാണ് തുടർന്ന് നൽകേണ്ടത്. ഡിപ്പാർട്ട്മെൻറിൻെറ പേര്, പരീക്ഷാർത്ഥിയുടെ നിലവിലെ തസ്തികയുടെ പേര്, ഓഫീസ് അഡ്രസ്, തിരിച്ചറിയൽ വിവരങ്ങൾ എന്നിവ നൽകണം. തിരിച്ചറിയൽ വിവരങ്ങളിൽ പാൻകാർഡ് നമ്പർ, PEN നമ്പർ (Permanent Employee Number) വോട്ടേഴ്സ് ഐ.ഡി., ഡ്രൈവിംഗ് ലൈസൻസ് നമ്പർ ഇവയിലേതെങ്കിലും ഒന്ന് നൽകാവുന്നതാണ്. പരീക്ഷാർത്ഥിയുടെ ഡിപ്പാർട്ട്മെൻറിൻേറയോ തസ്തികയുടെയോ വിവരങ്ങൾ ഫോമിൽ ലഭ്യമല്ലെങ്കിൽ ആ വിവരം പി.എസ്.സി. ഹെൽപ് ഡെസ്കിൽ പറഞ്ഞിട്ടുള്ള ഫോൺ നമ്പറിൽ (2546278) വിളിച്ചറിയിച്ച് ഉൾപ്പെടുത്തേണ്ടതാണ്. തെറ്റായ വിവരങ്ങൾ ഒരു കാരണവശാലും പരീക്ഷാർത്ഥി പൂരിപ്പിക്കുവാൻ പാടില്ല.






മേൽ പറഞ്ഞിട്ടുള്ള വിവരങ്ങൾ നൽകി ഡിക്ലറേഷനിൽ പറഞ്ഞിട്ടുള്ള വിവരങ്ങൾ വായിച്ചുനോക്കി അതിലുള്ള ബോക്സിൽ ക്ലിക്ക് (√) ചെയ്ത് Next ബട്ടൺ ക്ലിക്ക് ചെയ്യണം. അപ്പോൾ പരീക്ഷാർത്ഥിയ്ക്ക് login details പേജ് ലഭ്യമാകും. പ്രസ്തുത പേജിൽ പരീക്ഷാർത്ഥിയ്ക്ക് സ്വന്തമായോ അല്ലെങ്കിൽ സിസ്റ്റം നൽകിയിട്ടുള്ളതോ ആയ username തെരഞ്ഞെടുക്കാനുള്ള സൗകര്യമുണ്ട്. പരീക്ഷാർത്ഥി താൽപര്യമുള്ള . username ഉം password ഉം വളരെ കൃത്യതയോടെ പൂരിപ്പിക്കുവാൻ ശ്രദ്ധിയ്ക്കണം. അതിന് ശേഷം നൽകിയിട്ടുള്ള സെക്യൂരിറ്റി കോഡ് അതുപോലെ തന്നെ പൂരിപ്പിച്ച് submit ബട്ടൺ ക്ലിക്ക് ചെയ്യുമ്പോൾ രജിസ്ട്രേഷൻ പൂർണ്ണമാകും.



രജിസ്റ്റർ ചെയ്തിട്ടുള്ള പരീക്ഷാർത്ഥികൾക്ക് രജിസ്ട്രേഷൻ പേജിലൂടെ username ഉം password ഉം നൽകി സ്വന്തം പേജിലേക്ക് login ചെയ്യാവുന്നതാണ്.




പ്രസ്തുത പേജിൽ നിന്നും my registration card ലിങ്ക് ക്ലിക്ക് ചെയ്ത് സ്വന്തം രജിസ്ട്രേഷൻ കാർഡ് കാണുവാനും print out എടുത്ത് സൂക്ഷിക്കുവാനും കഴിയും. വ്യക്തിപരവും ഓഫീസ് സംബന്ധവുമായ വിവരങ്ങൾ തിരുത്തുന്നതിനും പരീക്ഷയ്ക്കുള്ള വിജ്ഞാപനം പുറപ്പെടുവിച്ചു കഴിഞ്ഞാൽ അപേക്ഷിക്കുന്നതിനും ഉള്ള സൗകര്യവും പ്രസ്തുത പേജിലുണ്ട്. പരീക്ഷാർത്ഥികൾ അവർക്ക് നൽകിയിട്ടുള്ള username ഉം password ഉം ഭാവിയിലെ ഡിപ്പാർട്ട്മെൻറൽ പരീക്ഷകൾക്ക് അപേക്ഷിക്കുന്നതിനും റിസൾട്ടും മറ്റു വിവരങ്ങളും അറിയുന്നതിനും വളരെ രഹസ്യ സ്വഭാവത്തോടേ സൂക്ഷിച്ച് വയ്ക്കുവാൻ പ്രത്യേകം ശ്രദ്ധിയ്ക്കേണ്ടതാണ്.